(ഡി) സംസ്ഥാനത്ത് ഇപ്പോൾ ആകെ 17 ഏകാംഗ ട്രഷറികൾ പ്രവർത്തിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ല	1)	നെല്ലനാട്
	2)	കല്ലിയൂർ
കൊല്ലം ജില്ല	3)	ചവറ
	4)	കുളക്കട
ആലപ്പുഴ ജില്ല	5)	പാലമേൽ
	6)	മുതുകുളം
	7)	മാന്നാർ
എറണാകുളം ജില്ല	8)	ചെല്ലാനം
	9)	കുമ്പളങ്ങി
	10)	പോത്തനിക്കാട്
തൃശൂർ ജില്ല	11)	മണലൂർ
മലപ്പുറം ജില്ല	12)	വണ്ടൂർ
പാലക്കാട് ജില്ല	13)	എലപ്പുള്ളി
കോഴിക്കോട് ജില്ല	14)	കുന്നമംഗലം
	15)	രാമനാട്ടുകര
കണ്ണൂർ ജില്ല	16)	ആലക്കോട്
കാസർഗോഡ് ജില്ല	17)	തൃക്കരിപ്പൂർ

(ഇ) പത്തിയൂർ, കൃഷ്ണപുരം, കണ്ടല്ലൂർ എന്നിവിടങ്ങളിൽ ഏകാംഗ ട്രഷറികൾ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇതിൽ ഒന്നും തന്നെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

24 (312) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പെൻഷൻ ട്രഷറി

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പെൻഷൻ ട്രഷറിയിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പെൻഷൻ വിതരണത്തിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പെൻഷൻ വിതരണം സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരാതി കിട്ടിയാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly